• സിനിമ

# 'പോയ്സൺ ഓൺ ദി പ്ലാറ്റർ' ജനിതകവിത്തുകൾക്കെതിരെ ഒരു ചിത്രം

**ഹിന്ദി ചലച്ചിത്രരംഗത്തെ അതികായനായ മഹേമഷ് ഭട്ട് നിർമ്മിച്ച 'പോയിസൺ ഓൺ ദി പ്ലാറ്റർ' എന്ന ഡോക്യുമെന്ററി ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവസ്തുക്കളുടെ അപകടങ്ങൾ തുറന്നുകാട്ടുന്നു. അജയ് കാഞ്ചനാണ് ചിത്രത്തിന്റെ സംവിധായകൻ. 2009 ഫെബ്രുവരി 4 ന് ഡൽഹിയിൽ ചിത്രത്തിന്റെ പ്രദർശനത്തോടനുബന്ധിച്ച് നടന്ന ചർച്ചയിൽ ഉയർന്നുവന്ന വാദഗതികൾ**

**മഹേഷ് ഭട്ട്**

ശതകോടികളുടെ ഇന്ത്യൻ ഭക്ഷ്യ-കൃഷി വാണിജ്യാവസരം പിടിച്ചടക്കാനുള്ള ബഹുരാഷ്ട്ര കോർപറേഷനുകളുടെ ഭ്രാന്തമായ നീക്കത്തിൽ ജി.എം ഭക്ഷ്യവസ്തുക്കൾ ഭീകരമായ നാശം വിതയ്ക്കും-പരിസ്ഥിതിക്കും ആരോഗ്യത്തിനും. ഈ ഗ്രഹത്തിലെ ഓരോ മനുഷ്യനേയും ബാധിക്കുമെന്നതിനാൽ മനുഷ്യവർഗ്ഗം നേരിടുന്ന ഏറ്റവും വലിയ



ഭീഷണിയായിരിക്കും ഇത്. ജി.എം ഭക്ഷ്യ ഇറക്കുമതി നിരോധിച്ചു എന്ന് പറയുന്ന ഇന്ത്യൻ സർക്കാർ നിലപാടിനെ ഭട്ട് പരിഹസിക്കുന്നു. സൂപ്പർ മാർക്കറ്റുകളിലെല്ലാം ബഹുരാഷ്ട്ര കോർപറേഷനുകളുടെ ഇത്തരം ഉല്പന്നങ്ങൾ നിറഞ്ഞിരിക്കുന്നു. ഇന്ത്യക്കാരെ ബോധപൂർവ്വം ഇരുട്ടിലിരുത്തുകയാണ്. അവരുടെ അജ്ഞത കാശാക്കുകയാണ് കോർപറേഷനുകൾ. 'പോയ്സൺ ഓൺ ദി പ്ലാറ്റർ' ഈ പ്രശ്നത്തെക്കുറിച്ചുള്ള പൊതുജനങ്ങളുടെ അറിവ് കൂട്ടാനും ചർച്ചാവിഷയമാക്കാനും സഹായിക്കും.

ജി.എം ഭക്ഷ്യം മൃഗങ്ങളിൽ പരീക്ഷിച്ചപ്പോൾ ആമാശയരക്തസ്രാവമടക്കമുള്ള പല പ്രശ്നങ്ങളുമുണ്ടായി. തലച്ചോറ്, ശ്വാസകോശം, കരൾ, കുടൽ തുടങ്ങിയവയെ ബാധിക്കുന്നതായി കണ്ടെത്തി. ശിശുമരണവും വന്ധ്യതയും ഉണ്ടാക്കി.

നിശ്ശബ്ദ കാഴ്ചക്കാരനായിരുന്നുകൊണ്ട് ബയോടെക് കമ്പനികളുടെ ശവപ്പെട്ടികൾ നിറക്കാനുള്ള അടിമശരീരങ്ങളായിരിക്കാൻ ഇന്ത്യക്കാർക്കാവില്ല. ശാസ്ത്രജ്ഞരുടെ മുന്നറിയിപ്പുകൾ അവഗണിച്ച്, ഇനിയും ജി.എം ഭക്ഷ്യവസ്തുവിതരണം അനുവദിക്കാൻ നിയമസംവിധാനം തയ്യാറായാൽ സ്വാതന്ത്ര്യസമരത്തിന് ശേഷമുള്ള ഏറ്റവും തീഷ്ണമായ സമരമുറകളുമായി ഞാൻ മുന്നോട്ട് പോകും.

**അജയ് കാഞ്ചൻ**

നമ്മുടെ രോഗപ്രതിരോധശക്തിയെ നശിപ്പിക്കുന്ന, പ്രധാനപ്പെട്ട



അവയവങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഭക്ഷണം കഴി




ക്കാൻ നാം തയ്യാറാണോ? ചതിയുടെയും കളവിന്റെയും പാരമ്പര്യമുള്ള മൊൺ സാന്റോ പോലുള്ള കമ്പനികളുടെ ദുര ശമിപ്പിക്കാനാണ് ഇന്ത്യൻ നിയമസംവിധാനം സഹായിക്കുന്നത്. പാവപ്പെട്ട കർഷകരുടെയും ഉപഭോക്താക്കളുടെയും താല്പര്യം ആർക്ക് വേണം?